**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4988** **20-03-2025 - ൽ മറുപടിയ്ക്ക്**

**പി.ടി.എ./എസ്.എസ്.ജി കമ്മിറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ/ എസ്.എസ്.ജി കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇവ ഓരോന്നിനും നൽകിയ അധികാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ യുടെ രൂപീകരണം ,പ്രവർത്തനം എന്നിവ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ (റ്റി)വകുപ്പിന്റെ 25.06.2007 ലെ സ.ഉ(കയ്യെഴുത്ത്) നം.126/2007/പൊ.വി.വ നം ഉത്തരവ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.09.2022 ലെ ഡി.ജി.ഇ/11055/2022/എച്ച്1 നം. പരിപത്രം എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം - I, IIആയി ചേർക്കുന്നു.<br><br>**എസ്.എസ്.ജി യുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരുന്നു.** |
| (ബി) | സ്കൂൾ തലത്തിലുള്ള ഇത്തരം കമ്മിറ്റികളിൽ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പി.ടി.എ യുടെ പ്രസിഡന്റിനെ തെരെഞ്ഞെടുക്കുന്നത് വർഷം തോറുമാണ്. ഒരു വ്യക്തിയെ തുടർച്ചയായി മൂന്ന് തവണ മാത്രമേ അപ്രകാരം തെരെഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>**എസ്.എസ്.ജി യുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം-ഹയർസെക്കണ്ടറി വിദ്യാഭ്യസം- ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ (Parent Teachers Association -PTA) പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (റ്റി.) വകുപ്പ്

സ.ഉ(കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ തീയതി, തിരുവനന്തപുരം 25.06.2007

ഉത്തരവ്

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ (Parent Teachers' Association PTA) പ്രവർത്തനത്തിന് അനുബന്ധപ്രകാരമുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു. ഇതിന് 2007-08 അക്കാദമികവർഷം മുതൽ പ്രാബല്യ മുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം
ഡി.സരസ്വതി അമ്മ,
അഡീഷണൽ സെക്രട്ടറി,

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
എല്ലാ മേഖലാ ഹയർസെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർമാർ
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
ഡയറക്ടർ ഓഫ് പഞ്ചായത്ത്/ ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
പകർപ്പ് : വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Visit HSSLive.in

Visit HSSLive

## ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക രക്ഷാകർത്തൃ സമിതിയുടെ
## (Parent Teachers' Association-PTA)
## പ്രവർത്തനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

### 1. ജനറൽ ബോഡി

1.1 സ്കൂളിൽ അതാത് അക്കാദമിക വർഷം പഠനം നടത്തുന്ന മുഴുവൻ വിദ്യാർത്ഥികളുടെ രക്ഷിതാക്കളും ഇതിൽ അംഗങ്ങളായിരിക്കും.

1.2 പി.ടി.എ ജനറൽ ബോഡി എല്ലാവർഷവും മൂന്നു പ്രാവശ്യമെങ്കിലും യോഗം കൂടേണ്ടതാണ്. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ, 11-ാം ക്ലാസിലെ പ്രവേശനം പൂർത്തിയായി ഒരു മാസത്തിനുള്ളിലായിരിക്കും ആദ്യ യോഗം. മറ്റെല്ലാ സ്കൂളുകളിലും ജൂൺ മാസത്തിൽ തന്നെ ആദ്യ യോഗം നടക്കണം. രണ്ടാമത്തെ യോഗം രണ്ടാം ടേമിലും മൂന്നാമത്തേത് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പത്ത്/ പന്ത്രണ്ട് ക്ലാസുകളിലെ പൊതു പരീക്ഷ ആരംഭിക്കുന്നതിന് ഒരു മാസം മുമ്പും മറ്റു സ്കൂളുകളിൽ ഫെബ്രുവരി അവസാന വാരവും നടക്കണം.

1.3 ഒന്നാമത്തെ ജനറൽ ബോഡി യോഗം മുൻവർഷത്തെ പി.ടി.എ പ്രസിഡന്റിന്റെ അധ്യക്ഷതയിലാണ് നടക്കുക. ഗ്രാമ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് മെമ്പർ ചെയർപേഴ്സണായ സ്കൂൾ വികസന സമിതിയിൽ അംഗീകരിച്ച സ്കൂൾ വികസന രേഖ (School Development Plan)ഈ യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിക്കണം.

1.4 ജനറൽ ബോഡിയുടെ ഒന്നാമത്തെ യോഗത്തിൽ പി.ടി.എ യുടെ എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്. ഈ യോഗത്തിൽ മുൻ അക്കാദമിക വർഷത്തെ മൂന്നാമത്തെ യോഗത്തിന് ശേഷമുള്ള ഓഡിറ്റ് ചെയ്ത വരവു ചെലവുകളും അംഗീകരിക്കണം. കൂടാതെ, നടപ്പു വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ രക്ഷാകർത്താക്കളിൽ നിന്നുള്ള രണ്ടംഗ സമിതിയെയും തെരഞ്ഞെടുക്കണം.

1.5 മൂന്നാമത്തെ യോഗത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടും പി.ടി.എ യുടെ അതുവരെയുള്ള ഓഡിറ്റ് ചെയ്ത വരവു ചെലവ് കണക്കുകളും അവതരിപ്പിച്ച് അംഗീകരിക്കണം. കൂടാതെ അടുത്ത അക്കാദമിക വർഷത്തിൽ പുതുതായി സ്കൂളിൽ പ്രവേശിക്കുന്നവരിൽ നിന്നും നിലവിൽ പഠിക്കുന്നവരിൽ നിന്നും ശേഖരിക്കേണ്ട ഖണ്ഡിക 3.8 ൽ സൂചിപ്പിച്ച നിബന്ധന പ്രകാരമുള്ള തുകയുടെ കാര്യവും തീരുമാനിക്കണം.

1.6 പി.ടി.എ യുടെ പ്രവർത്തനത്തെക്കുറിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ അത് ബന്ധപ്പെട്ട എ.ഇ.ഒ/വിദ്യാഭ്യാസ ഉപഡയറക്ടർ/റീജിയണൽ ഉപഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/നഗരസഭ ചെയർമാൻ/കോർപ്പറേഷൻ മേയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച് ചെയ്തു പരിഹരിക്കേണ്ടതാണ്.

Visit HSSLive.in

## 2. എക്സിക്യൂട്ടീവ് കമ്മറ്റി

Visit HSSLive.in

2.1 പി.ടി.എ ജനറൽ ബോഡിയിൽ നിന്ന് നേരിട്ട് തെരഞ്ഞെടുത്തവരായിരിക്കും എക്സിക്യൂട്ടീവ് കമ്മറ്റി. അതിന്റെ അംഗസംഖ്യ ഏറ്റവും കുറഞ്ഞത് 15 ഉം കൂടിയത് 21 ഉം ആയിരിക്കും. ഇതിലെ രക്ഷിതാക്കളുടെ എണ്ണം അധ്യാപകരുടെ എണ്ണത്തേക്കാൾ ഒന്ന് കൂടുതലായിരിക്കണം. ഉദാഹരണമായി 15 അംഗ എക്സിക്യൂട്ടീവിൽ 8 രക്ഷിതാക്കളും 7 അദ്ധ്യാപകരും ഉണ്ടായിരിക്കും. ഏഴോ അതിൽ കുറവോ അധ്യാപകരുള്ള സ്കൂളുകളിൽ എല്ലാ അധ്യാപകരും ,അവരേക്കാൾ ഒന്ന് കൂടുതലുള്ളത്രയും രക്ഷിതാക്കളും ഉൾപ്പെട്ടതായിരിക്കും എക്സിക്യൂട്ടീവ് കമ്മറ്റി. രക്ഷിതാക്കളുടെയും അധ്യാപകരുടെയും പ്രതിനിധികളിൽ പകുതിയെങ്കിലും സ്ത്രീകളായിരിക്കണം. സ്ത്രീകളുടെ പ്രാതിനിധ്യം പാലിക്കാൻ സാധിക്കാത്ത തരത്തിലാണ് സ്കൂളിലെ അധ്യാപികമാരുടെ എണ്ണമെങ്കിൽ അവരെ പരമാവധി ഉൾപ്പെടുത്തുന്ന വിധത്തിൽ ക്രമീകരിച്ചാൽ മതി.

2.2. 750 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സ്കൂളുകളിൽ 15 പേരും അതിന് മുകളിൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ ഓരോ 250 കുട്ടികളോ അതിന്റെ ഭാഗമോ ഉള്ളടത്ത് കൂടുതലായി രണ്ട് പേർ വീതവും (രക്ഷിതാവ്, അധ്യാപകൻ/അധ്യാപിക എന്നിവർ ഒന്ന് വീതം) പി.ടി.എ എക്സിക്യൂട്ടീവിൽ അംഗമായിരിക്കും. പക്ഷെ, പരമാവധി അംഗസംഖ്യ 21 പേർ മാത്രമേ പാടുള്ളു.

2.3 പി.ടി.എ. എക്സിക്യൂട്ടീവിലേക്ക് രക്ഷിതാക്കളെയും അധ്യാപകരെയും തെരഞ്ഞെടുക്കുമ്പോൾ സ്കൂളിലെ പ്രൈമറി, ഹൈസ്കൂൾ,ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നീ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.

2.4 പി.ടി.എ എക്സിക്യൂട്ടീവിന്റെ ഭാഹവാഹികളായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ അധ്യാപക പ്രതിനിധികൾ ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് അംഗങ്ങളാണ് തെരഞ്ഞെടുക്കുക. ഈ രണ്ട് സ്ഥാനങ്ങളും രക്ഷിതാക്കൾക്ക് മാത്രമുള്ളതായിരിക്കും. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗമുള്ള ഹൈസ്കൂളുകളിൽ പ്രസിഡന്റ് ആ വിഭാഗത്തിൽ നിന്നാണെങ്കിൽ, വൈസ് പ്രസിഡന്റ് പ്രൈമറി/ഹൈസ്ക്കൂൾ വിഭാഗത്തിലെ രക്ഷിതാക്കളിൽ നിന്നായിരിക്കണം. പ്രസിഡന്റ് പ്രൈമറി/ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്നാണെങ്കിൽ വൈസ് പ്രസിഡന്റ് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നായിരിക്കണം.

2.5. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ പി.ടി.എ യുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയും, ഹെഡ്മാസ്റ്റർ എക്സ് ഒഫിഷ്യോ ഖജാൻജിയും ആയിരിക്കും. പ്രൈമറി/ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ എക്സ് ഒഫിഷ്യോ സെക്രട്ടറിയും ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ/സീനിയർ അസിസ്റ്റന്റ് ഖജാൻജിയും ആയിരിക്കും.

2.6 എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ആദ്യ യോഗം ഒന്നാമത്തെ ജനറൽ ബോഡി യോഗ ദിവസം തന്നെ ചേർന്ന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കണം. മാസത്തി

Visit HSSLive.in

Visit HSSLive.in

ലൊരിക്കലെങ്കിലും എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ചേരേണ്ടതാണ്.

2.7. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ കാലാവധി തെരഞ്ഞെടുക്കപ്പെട്ടതു മുതൽ തൊട്ടടുത്ത വർഷത്തെ എക്സിക്യൂട്ടീവ് കമ്മറ്റി തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസംവരെയായിരിക്കും.

3. പി.ടി.എ ഫണ്ട്/ സ്കൂൾ വികസന ഫണ്ട്.

3.1 പി.ടി.എ ഫണ്ട്/ സ്കൂൾ വികസന ഫണ്ട് രക്ഷിതാക്കളിൽ നിന്ന് ശേഖരിച്ച ഒരു പൊതു ഫണ്ടായതിനാൽ വിദ്യാർത്ഥികളുടെ ക്ഷേമത്തിന് വേണ്ടിമാത്രമേ ഇത് ഉപയോഗിക്കാൻ പാടുള്ളൂ.

3.2 മുൻ വർഷത്തെ നീക്കിയിരിപ്പ് തുക (Closing balance) നടപ്പ് അധ്യാന വർഷത്തെ കൈയിരിപ്പ് തുക. (Opening balance) ആയിരിക്കും.

3.3 സ്കൂൾ പ്രവേശന സമയത്തും മറ്റും രക്ഷിതാക്കളിൽ നിന്ന് ശേഖരിക്കുന്ന പി.ടി.എ അംഗത്വ തുക മുഴുവനായി അടുത്ത് പ്രവർത്തി ദിവസം തന്നെ പി.ടി.എ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇതിനായി പരിസരത്തുള്ള ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ, പോസ്റ്റ് ഓഫീസ് സേവിംഗ് ബാങ്കിലോ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പി.ടി.എ പ്രസിഡന്റിനെ കൂടാതെ സെക്രട്ടറി, ഖജാൻജി എന്നിവരിൽ ഒരാൾ കൂടി ഒപ്പിട്ട് മാത്രമേ അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കാൻ പാടുള്ളൂ.

3.4 ഓരോ വർഷവും ഒന്നാമത്തെ ജനറൽ ബോഡിയിൽ തന്നെ പി.ടി.എ യുടെ വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുന്നത് നന്നായിരിക്കും.

3.5. പി.ടി.എ അംഗത്വം എല്ലാ രക്ഷിതാക്കൾക്കും വർഷതോറും നിർബന്ധമാണ്. അംഗത്വ ഫീസ് വിദ്യാർത്ഥിയുടെ പ്രവേശന സമയത്തോ അക്കാദമിക വർഷത്തിന്റെ ഒന്നാമത്തെ മാസമോ കൊടുക്കേണ്ടതാണ്. അംഗത്വ ഫീസിന്റെ പ്രതിശീർഷ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| എൽ.പി വിഭാഗം | 10 രൂപ |
| യു.പി വിഭാഗം | 25 രൂപ |
| ഹൈസ്കൂൾ വിഭാഗം | 50 രൂപ |
| ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി | 100 രൂപ |

3.6 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർ (.... തെളിയിക്കാൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ നഗരസഭാ ചെയർമാൻ/കോർപ്പറേഷൻ മേയർ/പഞ്ചായത്ത് പ്രസിഡന്റ് എന്നിവരിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി.) എന്നീ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പി.ടി.എ അംഗത്വ ഫീസ് നിർബന്ധമല്ല. നിർദ്ദിഷ്ട ഫീസ് നൽകിയില്ലെങ്കിലും ഇവരും പി.ടി.എ ജനറൽ ബോഡി

Visit HSSLive.in

യിൽ അംഗങ്ങളായിരിക്കും.

Visit HSSLive.in

3.7 ഖണ്ഡിക 3.5. ൽ പറഞ്ഞിട്ടുള്ള അംഗത്വ ഫീസും, സർക്കാർ നിയമപ്രകാരം നിർദ്ദിഷ്ട ഫീസും അല്ലാതെ മറ്റൊരു ഫീസും കൊടുക്കാൻ രക്ഷിതാക്കൾ ബാദ്ധ്യസ്ഥരല്ല. അവരെ അതിന് നിർബന്ധിക്കാനും പാടില്ല.

3.8 മുൻ വർഷത്തെ 3-ാം ടേമിലെ പി.ടി.എ ജനറൽ ബോഡി യോഗം തീരുമാനിക്കുകയാണെങ്കിൽ സ്കൂളിലെ നടപ്പ് അക്കാദമിക വർഷത്തെ പ്രത്യേകം നിർവചിക്കപ്പെട്ടിട്ടുള്ള അക്കാദമിക ആവശ്യങ്ങൾക്കായി താഴെ കൊടുത്തിട്ടുള്ള പരമാവധി നിരക്കിൽ ഓരോ വിഭാഗത്തിലെ വിദ്യാർത്ഥി/രക്ഷിതാവ് -ൽ നിന്നും ഫണ്ട് ശേഖരിക്കാവുന്നതാണ്.

| | |
|---|---|
| എൽ.പി വിഭാഗം | 20 രൂപ |
| യു.പി വിഭാഗം | 50 രൂപ |
| ഹൈസ്കൂൾ വിഭാഗം | 100 രൂപ |
| ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി | 400 രൂപ |

ഒരു രക്ഷിതാവിനേയും മേൽ പറഞ്ഞ തുക കൊടുക്കാൻ നിർബന്ധിക്കുകയോ, പ്രസ്തുത തുക കൊടുക്കാത്ത രക്ഷിതാവിന്റെ മകൾക്ക്/മകന് സ്കൂൾ പ്രവേശനം നിഷേധിക്കുകയോ ചെയ്യാൻ പാടില്ല. ഇക്കാര്യം ഉറപ്പാക്കേണ്ട ചുമതല പ്രിൻസിപ്പലിന്/ഹെഡ്മാസ്റ്ററിനാണ്.

3.9 വിദ്യാർത്ഥികൾ/രക്ഷകർത്താക്കൾ-ഇവരിൽ നിന്ന് ശേഖരിക്കുന്ന തുകയ്ക്ക് അപ്പപ്പോൾ തന്നെ സെക്രട്ടറി/ഖജാൻജി ഒപ്പിട്ട് സ്കൂൾ സീൽ പതിച്ച രസീതി കൊടുക്കേണ്ടതാണ്.

3.10 സ്കൂൾ പ്രവേശനം പൂർത്തിയാക്കി ഒരാഴ്ചയ്ക്കുള്ളിൽ പി.ടി.എ അംഗത്വ ഫീസ്,ശേഖരിച്ച മറ്റ് തുക എന്നിവയുടെ കൃത്യമായ കണക്കുകൾ പി.ടി.എ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവർ ഒപ്പിട്ട് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

3.11 പി.ടി.എ യുടെ ക്യാഷ് ബുക്ക്, ലഡ്ജർ, യോഗ നടപടികളുടെ മിനിറ്റ്സ് പുസ്തകം, സ്റ്റോക് രജിസ്റ്റർ എന്നിവ ഖജാൻജിയുടെ സഹായത്തോടെ സെക്രട്ടറി തയ്യാറാക്കേണ്ടതും, സ്കൂൾ ഓഫീസിൽ തന്നെ ഇവ സെക്രട്ടറിയുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

3.12 ജനറൽ ബോഡി തെരഞ്ഞെടുക്കുന്ന 2 അംഗ സമിതി പി.ടി.എ യുടെ കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുണ്ട്. കൂടാതെ ബന്ധപ്പെട്ട എ.ഇ.ഒ/വിദ്യാഭ്യാസ ഉപ ഡയറക്ടർ/റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.എസ്.എസ്)/അസിസ്റ്റന്റ് ഡയറക്ടർ (വി.എച്ച്.എസ്.എസ്) എന്നിവരും ഓഡിറ്റ് ചെയ്യേണ്ടതാണ്.

3.13 എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം സെക്രട്ടറിയും ഖജാൻജിയും പ്രസിഡന്റുമായി കൂടിയാലോചിച്ചാണ് പി.ടി.എയുടെ പണം കൈകാര്യം ചെയ്യേണ്ടത്. കൈയിരിപ്പ് തുക ഒരിക്കലും 1000 രൂപയിൽ കവിയരുത്.

Visit HSSLive.in

Visit HSSLive

3.14 അത്യാവശ്യ ഘട്ടങ്ങളിൽ പ്രസിഡന്റിന്റെയും ഖജാൻജിയുടേയും രേഖാമൂലമായ അംഗീകരത്തോടെ പരമാവധി 3000 രൂപ വരെ പി.ടി.എ ഫണ്ടിൽ നിന്ന് പിൻ വലിച്ച് സെക്രട്ടറിക്ക് ചെലവാക്കാവുന്നതാണ്.

3.15 3000 രൂപയ്ക്ക് മുകളിൽ 30,000 രൂപ വരെയുള്ള തുക ചെലവഴിക്കാൻ എക്സിക്യൂട്ടീവ് കമ്മറ്റിയുടേയും 30000 രൂപയ്ക്ക മുകളിലുള്ള തുക ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്തുകളിൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സന്റേയും മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സന്റേയും അനുമതി മുൻകൂറായി വാങ്ങേണ്ടതാണ്.

3.16 പി.ടി.എ ഫണ്ട് ഉപയോഗിച്ച് സ്കൂൾ വാഹനങ്ങൾ വാങ്ങുന്നതിനും, വാങ്ങിയവ വിൽക്കുന്നതിനും പി.ടി.എ ജനറൽ ബോഡിയുടെ അംഗീകാരം വാങ്ങണം. കൂടാതെ എൽ.പി/യു.പി സ്കൂളുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റേയും, ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റേയും മുൻകൂട്ടിയുള്ള രേഖാമൂലമായ അനുമതി വാങ്ങുകയും ചെയ്യണം. നഗര പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്റെ രേഖാമൂലമുള്ള അനുമതി വാങ്ങണം.

3.17 പി.ടി.എ ഫണ്ടിലേക്ക് ലഭിക്കുന്ന എല്ലാവിധ തുകയ്ക്കും അപ്പപ്പോൾ തന്നെ ഖജാൻജി ഒപ്പിട്ട രസീതി നൽകേണ്ടതാണ്.

3.18 ഓരോ എക്സിക്യൂട്ടീവ് കമ്മറ്റിയിലും അതുവരെയുള്ള വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം.

3.19 പണം പിൻ വലിച്ചാൽ അതിന്റെ കണക്കുകൾ ശരിയാക്കി വൗച്ചറുകൾ വച്ച ശേഷമാത്രമേ കൂടുതൽ പണം പിൻവലിക്കാൻ പാടുള്ളു.

3.20 എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി,

- സ്കൂൾ രജിസ്റ്ററുകൾ
- ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി
- സ്കൂൾ ഡയറി .
- തിരച്ചറിയൽ കാർഡ്
- രാസവസ്തുക്കൾ ഉൾപ്പടെയുള്ള ലബോറട്ടറി സാധനങ്ങൾ/ഉപകരണങ്ങൾ
- കമ്പ്യൂട്ടർ ലാബിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ
- വൈദ്യുതി ഉപകരണങ്ങൾ
- സ്പോർട്സ്/കളികൾ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ

Visit HSSLive.in

Visit HSSLive.in

- ഫസ്റ്റ് എയിഡിനുള്ള സാമഗ്രികൾ
- കക്കൂസ് വൃത്തിയാക്കാനുള്ള പദാർത്ഥങ്ങൾ
- ശുദ്ധജല വിതരണത്തിന് ആവശ്യമായ പൈപ്പ്, ടാപ്പ് തുടങ്ങിയവ
- ഫർണിച്ചറുകൾ
- സ്കൂൾ വാഹനങ്ങളുടെ റിപ്പയർ ചെലവുകൾ
- പത്രം/ആനുകാലികങ്ങൾ തുടങ്ങിയവ വാങ്ങാൻ.
- ഫർണിച്ചറുകൾ, ജനൽ, വാതിൽ തുടങ്ങിയവയുടെ റിപ്പയർ, സ്കൂളിന്റെ/ക്ലാസ്മുറിയുടെ ചെറിയ തരം അറ്റകുറ്റപണി തുടങ്ങിയവയുടെ ചെലവുകൾ
- കക്കൂസ്, മൂത്രപുര, കുടിവെള്ള സൗകര്യം, കളിസ്ഥലം എന്നിവ ഉണ്ടാക്കുന്നതിന്
- കെട്ടിട നിർമ്മാണചെലവുകൾ തുടങ്ങിയവ,
- ഉച്ചകഞ്ഞി ഫലപ്രദമായി നടത്താൻ ആവശ്യമായ ചെലവുകൾ.

സ്കൂളിന്റെ അഭിവൃദ്ധിക്കായി പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിക്കുന്ന ചെലവിനങ്ങൾ തുടങ്ങിവയ്ക്ക് പി.ടി.എ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

3.21 സ്കൂളിൽ നടക്കുന്ന സാംസ്കാരിക പരിപാടികൾ, സെമിനാറുകൾ, ചർച്ചകൾ, പഠനാനുബന്ധ പ്രവർത്തനങ്ങളായ യുവജനോത്സവം/ബാലകലാമേള, ശാസ്ത്രമേള, കായികമേള, സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കും കരിയർ ഗൈഡൻസ് തുടങ്ങിയ പ്രവർത്തനങ്ങൾക്കും എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടെ പി.ടി.എ ഫണ്ട് ചെലവഴിക്കാവുന്നതാണ്.

3.22 ഓരോ വർഷവും ശേഖരിക്കുനന ഫണ്ടിൽ കുറഞ്ഞത് 15 % സ്കൂൾ ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗപ്പെടുത്തേണ്ടതാണ്.

Visit HSSLive.in

59011/2022

159011/2022

--ഭരണഭാഷ മാതൃഭാഷ--

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തിയതി- 15-09-2022

നം. ഡിജിഇ/11055/2022-എച്ച്1

**പരിപത്രം**

*വിഷയം-* *പൊതു വിദ്യാഭ്യാസം- അദ്ധ്യാപക രക്ഷാകർത്തൃ സമിതി- സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി- പുനസംഘടന- നിർദ്ദേശങ്ങൾ- സംബന്ധിച്ച്*

*സൂചന-*
1. 25.06.2007- ലെ സ ഉ (കൈ) നം 126/2007/പൊ വി വ
2. 30.04.2011- ലെ സ ഉ (പി) നം 100/2011/പൊ വി വ (എസ് ആർ ഒ 291/2011)
3. ഈ കാര്യാലയത്തിലെ 20.06.2012 ലെ എച്ച്1/ 38613/ 2012/ ഡിപിഐ നമ്പർ പരിപത്രം
4. 16.11.2016- ലെ സ ഉ (കൈ) നം 190/ 2016/ പൊ വി വ
5. 11.01.2019 ലെ സ ഉ (കൈ) നം 7/2019/പൊ വി വ

2020-2021, 2021-2022 അദ്ധ്യയന വർഷങ്ങളിൽ കോവിഡ്-19 മഹാമാരി കാരണം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പൂർണ്ണമായും പുനസംഘടിപ്പിച്ചിരുന്നില്ല.

2022-23 അധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആയതിനാൽ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ് എം സി) അടിയന്തിരമായി പുനസംഘടിപ്പിക്കേണ്ടതാണ്.

**1. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ പുനസംഘടിപ്പിക്കുമ്പോൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.**

1. തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയുടെ കാലാവധി പരമാവധി രണ്ട് വർഷമായിരിക്കും.
2. കമ്മിറ്റി രണ്ട് വർഷത്തിൽ ഒരിക്കൽ പുനസംഘടിപ്പിക്കേണ്ടതാണ്.
3. ഈ കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി, കുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് തെരഞ്ഞെടുത്ത പ്രതിനിധി, അദ്ധ്യാപക പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കും. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട രക്ഷകർത്തൃ പ്രതിനിധികളുടെ കുട്ടി സ്കൂളിൽ നിന്ന് റ്റി സി മുഖേനയോ അല്ലാതെയോ വിടുതൽ ചെയ്യുകയോ സ്കൂൾ പഠനം പൂർത്തിയാക്കി പോകുകയോ ചെയ്യുമ്പോൾ ബാക്കി കാലയളവിലേയ്ക്ക് അതേ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മാതാപിതാക്കളിൽ നിന്നോ രക്ഷകർത്താക്കളിൽ നിന്നോ തെരഞ്ഞെടുത്ത് ആ ഒഴിവ് നികത്തേണ്ടതാണ്. കൂടാതെ എക്സ് ഒഫീഷ്യോ മെമ്പർമാരായ കൺവീനർ, ജോയിന്റ് കൺവീനർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ എന്നിവരൊഴികെയുള്ള യാതൊരു അംഗവും രണ്ടു തവണയിൽ കൂടുതൽ കമ്മറ്റിയിൽ അംഗമായിരിക്കാൻ പാടുള്ളതല്ല.
4. കമ്മിറ്റിയിലെ അംഗസംഖ്യ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കണം.
    1. 750-ൽ താഴെ കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിൽ കൺവീനറും, ജോയിന്റ് കൺവീനറും ഒഴികെ അംഗസംഖ്യ 16 ആയിരിക്കും. ഈ കമ്മറ്റിയുടെ ക്വാറം 9 ആയിരിക്കും.
    2. 750-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കൺവീനറും ജോയിന്റ് കൺവീനറും ഒഴികെ അംഗസംഖ്യ 20 ആയിരിക്കും. ഈ കമ്മിറ്റിയുടെ ക്വാറം 11 ആയിരിക്കും.
5. കമ്മിറ്റിയിലെ 75 ശതമാനം അംഗങ്ങളും കുട്ടികളുടെ മാതാപിതാക്കളിൽ നിന്നോ അവരുടെ അഭാവത്തിൽ രക്ഷകർത്താക്കളോ ആയിരിക്കും. ഈ 75 ശതമാനത്തിൽ മാതൃ രക്ഷകർത്തൃ



Generated from eOffice by VEENA J V, H1 DGE, H1 DGE, DGE on 20/09/2023 04:47 PM

അദ്ധ്യാപക അസോസിയേഷൻ അംഗങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ, ദുർബല വിഭാഗങ്ങളിലും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ മാതാപിതാക്കളേയും അവരുടെ അഭാവത്തിൽ രക്ഷകർത്താക്കളേയോ ഉൾപ്പെടുത്തേണ്ടതാണ്. പിന്നോക്ക വിഭാഗങ്ങളെയും അവശ വിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന രക്ഷകർത്താക്കൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പ് വരുത്തേണ്ടതാണ്.

6. ബാക്കി 25 ശതമാനം അംഗങ്ങൾ ചുവടെ കൊടുത്തിട്ടുള്ള വിഭാഗങ്ങളിൽ നിന്നുള്ളവർ ആയിരിക്കും.
    1. സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ്/ ഡിവിഷൻ മെമ്പർ
    2. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരിൽ നിന്നും അവർ തീരുമാനിക്കുന്ന അദ്ധ്യാപകർ
    3. ആ പ്രദേശത്തെ വിദ്യാഭ്യാസ വിദഗ്ദരിൽ നിന്നും രക്ഷകർത്താക്കൾ തീരുമാനിക്കുന്ന ഒരംഗം
    4. സ്കൂൾ ലീഡർ

- *കമ്മിറ്റിയിലെ അംഗങ്ങളിൽ 50 ശതമാനം വനിതകൾ ആയിരിക്കേണ്ടതാണ്.*

## 2. മറ്റ് നിർദ്ദേശങ്ങൾ

1. കമ്മിറ്റിയുടെ ഭരണ നിർവ്വഹണത്തിനായി രക്ഷകർത്തൃ പ്രതിനിധികളിൽ നിന്ന് ഒരു ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സൺ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. സ്കൂളുകളിൽ പ്രധാനാദ്ധ്യാപകൻ അല്ലെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകൻ കമ്മിറ്റിയിലെ എക്സ് ഒഫീഷ്യോ മെമ്പർ കൺവീനറും, ഹയർ സെക്കന്ററി വരെയുള്ള ക്ലാസുകൾ ഉള്ള സ്കൂളുകളിൽ പ്രിൻസിപ്പാൾ എക്സ് ഒഫീഷ്യോ മെമ്പർ കൺവീനറും, പ്രധാനാദ്ധ്യാപകൻ കമ്മിറ്റിയുടെ ജോയിന്റ് കൺവീനറും ആയിരിക്കും.
2. കുട്ടികളുടെ സംരക്ഷണം, ആരോഗ്യം, പോഷകാഹാരം, മനശാസ്ത്രം എന്നിവയിലും കമ്മിറ്റി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ വിദഗ്ദ ഉപദേശം തേടുന്നതിന് ഒരേ സമയം മൂന്ന് പ്രത്യേക ക്ഷണിതാക്കളെ ക്ഷണിയ്ക്കാൻ കൺവീനർക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. അതിനാൽ ക്വാറം തികയ്ക്കുന്നതിന് ഇവരെ ഉൾപ്പെടുത്താൻ പാടുള്ളതല്ല.
3. കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും സ്കൂളുകളിൽ യോഗം ചേരേണ്ടതും യോഗ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും, ഭൂരിപക്ഷ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. യോഗ തീരുമാനങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിലും പൊതുജനങ്ങൾക്ക് പ്രാപ്യമായ രീതിയിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
4. കമ്മിറ്റിയുടെ രൂപീകരണം, അംഗങ്ങൾക്കുള്ള പരിശീലനം സംഘടിപ്പിക്കൽ ഇവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

***കുറിപ്പ്- സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ കാലാവധി പരമാവധി രണ്ട് വർഷമാണ്. എക്സ് ഒഫീഷ്യോ മെമ്പർമാർ ഒഴികെ ആരെയും തന്നെ രണ്ട് തവണയിലധികം (നാല് വർഷം) പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.***

## 3. ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ



Generated from eOffice by VEENA J V, H1 DGE, H1 DGE, DGE on 20/09/2023 04:47 PM

1. <u>ജനറൽ ബോഡി</u>
   1. സ്കൂളുകളിൽ അതാത് അക്കാദമിക വർഷം പഠനം നടത്തുന്ന മുഴുവൻ വിദ്യാർത്ഥികളുടെ രക്ഷിതാക്കളും ഇതിൽ അംഗങ്ങളായിരിക്കും.
   2. അദ്ധ്യാപക രക്ഷാകർത്തൃ സമിതി ജനറൽ ബോഡി എല്ലാ അദ്ധ്യയന വർഷവും മൂന്ന് പ്രാവശ്യമെങ്കിലും യോഗം കൂടേണ്ടതാണ്. ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പതിനൊന്നാം ക്ലാസ്സിലെ പ്രവേശനം പൂർത്തിയായി ഒരു മാസത്തിനുള്ളിലായിരിക്കും ആദ്യ യോഗം. മറ്റെല്ലാ സ്കൂളുകളിലും ജൂൺ മാസത്തിൽ തന്നെ ആദ്യ യോഗം നടക്കണം. രണ്ടാമത്തെ യോഗം രണ്ടാം ടേമിലും മൂന്നാമത്തേത് ഹയർ സെക്കന്ററി/വെക്കോഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പത്ത്/ പന്ത്രണ്ട് ക്ലാസ്സുകളിലെ പൊതു പരീക്ഷ ആരംഭിക്കുന്നതിന് ഒരു മാസം മുമ്പും മറ്റു സ്കൂളുകളിൽ ഫെബ്രുവരി അവസാന വാരവും നടക്കണം.
2. <u>എക്സിക്യൂട്ടീവ് കമ്മിറ്റി</u>
   1. അദ്ധ്യാപക രക്ഷാകർത്തൃ സമിതി ജനറൽ ബോഡിയിൽ നിന്ന് നേരിട്ട് തെരഞ്ഞെടുത്തവരായിരിക്കും എക്സിക്യൂട്ടീവ് കമ്മറ്റി. അതിന്റെ അംഗസംഖ്യ ഏറ്റവും കുറഞ്ഞത് പതിനഞ്ചും കൂടിയത് ഇരുപത്തിയൊന്നും ആയിരിക്കും. ഇതിലെ രക്ഷിതാക്കളുടെ എണ്ണം അദ്ധ്യാപകരുടെ എണ്ണത്തേക്കാൾ ഒന്ന് കൂടുതലായിരിക്കണം. ഉദാഹരണമായി 15 അംഗ എക്സിക്യൂട്ടീവിൽ എട്ട് രക്ഷിതാക്കളും ഏഴ് അദ്ധ്യാപകരും ഉണ്ടായിരിക്കും. ഏഴോ അതിൽ കുറവോ അദ്ധ്യാപകരുള്ള സ്കൂളുകളിൽ എല്ലാ അദ്ധ്യാപകരും അവരേക്കാൾ ഒന്ന് കൂടുതലുള്ളത്രയും രക്ഷിതാക്കളും ഉൾപ്പെട്ടതായിരിക്കും എക്സിക്യൂട്ടീവ് കമ്മിറ്റി. രക്ഷിതാക്കളുടെയും അദ്ധ്യാപകരുടേയും പ്രതിനിധികളിൽ പകുതിയെങ്കിലും സ്ത്രീകളായിരിക്കണം. സ്ത്രീകളുടെ പ്രാതിനിധ്യം പാലിക്കാൻ സാധിക്കാത്ത തരത്തിലാണ് സ്കൂളിലെ അദ്ധ്യാപികമാരുടെ എണ്ണമെങ്കിൽ അവരെ പരമാവധി ഉൾപ്പെടുത്തുന്ന വിധത്തിൽ ക്രമീകരിച്ചാൽ മതി.
   2. 750 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സ്കൂളുകളിൽ 15 പേരും അതിന് മുകളിൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ ഓരോ 250 കുട്ടികളോ അതിന്റെ ഭാഗമോ ഉള്ളിടത്ത് കൂടുതലായി രണ്ട് പേർ വിതവും (രക്ഷിതാവ്, അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർ ഒന്ന് വീതം) അദ്ധ്യാപക രക്ഷാകർത്തൃ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരിക്കും. പക്ഷേ, പരമാവധി അംഗസംഖ്യ 21 കവിയാൻ പാടുള്ളതല്ല.
   3. അദ്ധ്യാപക രക്ഷാകർത്തൃ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് രക്ഷിതാക്കളെയും അദ്ധ്യാപകരെയും തെരഞ്ഞെടുക്കുമ്പോൾ സ്കൂളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.
   4. അദ്ധ്യാപക രക്ഷാകർത്തൃ സമിതി ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ അദ്ധ്യാപക പ്രതിനിധികൾ ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാണ് തെരഞ്ഞെടുക്കുക. ഈ രണ്ട് സ്ഥാനങ്ങളും രക്ഷിതാക്കൾക്ക് മാത്രമുള്ളതായിരിക്കും. ഹയർ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾ ഉള്ള ഹൈസ്കൂളുകളിൽ പ്രസിഡന്റ് ആ വിഭാഗത്തിൽ നിന്നാണെങ്കിൽ, വൈസ് പ്രസിഡന്റ് പ്രൈമറി/ ഹൈസ്കൂൾ വിഭാഗത്തിലെ രക്ഷിതാക്കളിൽ നിന്നായിരിക്കണം. പ്രസിഡന്റ് പ്രൈമറി/ ഹൈസ്കൂൾ

വിഭാഗത്തിൽ നിന്നാണെങ്കിൽ വൈസ് പ്രസിഡന്റ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നായിരിക്കണം.

5. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ ഹയർ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ എക്സ് ഒഫീഷ്യോ സെക്രട്ടറിയും, പ്രധാനാദ്ധ്യാപകൻ എക്സ് ഒഫിഷ്യോ ഖജാൻജിയും ആയിരിക്കും. പ്രൈമറി/ഹൈസ്കൂളുകളിൽ പ്രധാനാദ്ധ്യാപകൻ എക്സ് ഒഫിഷ്യോ സെക്രട്ടറിയും ഡെപ്യൂട്ടി പ്രധാനാദ്ധ്യാപകൻ/ സീനിയർ ടീച്ചർ ഖജാൻജിയും ആയിരിക്കും.
6. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ആദ്യ യോഗം ഒന്നാമത്തെ ജനറൽ ബോഡി യോഗ ദിവസം തന്നെ ചേർന്ന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കണം. മാസത്തിൽ ഒരിക്കലെങ്കിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരേണ്ടതാണ്.
7. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി തെരഞ്ഞെടുക്കപ്പെട്ടതു മുതൽ തൊട്ടടുത്ത വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം വരെയായിരിക്കും.
8. സൂചന (5) പ്രകാരം എയ്ഡഡ് സ്കൂൾ മാനേജർമാർ അദ്ധ്യാപക രക്ഷാകർത്തൃ സമിതി എക്സ് ഒഫീഷ്യോ അംഗം ആയിരിക്കും

**കുറിപ്പ്- സൂചന (4) ഉത്തരവ് പ്രകാരം അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രസിഡന്റായി ഒരു വ്യക്തിക്ക് തുടർച്ചയായി മൂന്ന് തവണ മാത്രമേ തെരഞ്ഞെടുക്കപ്പെടാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിവരം ജനറൽ ബോഡി യോഗം നടക്കുന്ന സമയത്ത് പ്രിൻസിപ്പൽ/ പ്രധാനാദ്ധ്യാപകൻ അറിയിക്കേണ്ടതും ഒരു വ്യക്തി തുടർച്ചയായി മൂന്ന് തവണയിലധികം പ്രസിഡന്റ് ആകില്ലെന്നും ഉറപ്പാക്കേണ്ടതാണ്. സൂചന (1) പ്രകാരം ഉത്തരവിൽ പരാമർശിച്ച പ്രകാരമുള്ള തുക മാത്രമേ രക്ഷാകർത്താക്കളിൽ നിന്നും ഈടാക്കാൻ പാടുള്ളൂ.**

## 4. പൊതു നിർദ്ദേശങ്ങൾ

1. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, അദ്ധ്യാപക രക്ഷാകർത്തൃ സമിതി എന്നിവ രണ്ട് വ്യത്യസ്ഥ കമ്മിറ്റികൾ ആണെങ്കിലും വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി രൂപീകരിക്കുന്നവയാണ്. ആയതിനാൽ തന്നെ, രണ്ട് കമ്മിറ്റികൾക്കും സ്കൂളുകളിൽ തുല്യ പ്രാധാന്യം ഉണ്ടായിരിക്കും. സ്കൂളിനെ ബാധിക്കുന്ന പൊതുവിഷയങ്ങളിൽ, രാഷ്ട്രീയ സാമൂഹിക പരിഗണന കൂടാതെ ഒരുമിച്ച് നിന്ന് പ്രവർത്തിക്കേണ്ടതാണ്. പ്രധാനപ്പെട്ട കാര്യങ്ങളിൽ സംയുക്ത യോഗം കൂടി അഭിപ്രായ ഐക്യം സ്വരൂപിച്ച് പ്രവർത്തിക്കാൻ ബന്ധപ്പെട്ട കൺവീനർമാരും, പി റ്റി എ പ്രസിഡന്റും എസ് എം സി ചെയർപേഴ്സണും ശ്രദ്ധിക്കേണ്ടതാണ്.
2. 2022-23 അദ്ധ്യയന വർഷം മേൽ നിബന്ധനകൾ പാലിച്ച കൊണ്ട് തെരഞ്ഞെടുപ്പ് നടത്തിയ അദ്ധ്യാപക രക്ഷാകർത്തൃ സമിതികളും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും തുടർന്ന് സ്കൂളിന്റെ പുരോഗതിക്കായി പ്രവർത്തിക്കേണ്ടതാണ്. ചട്ടവിരുദ്ധമായി തെരഞ്ഞെടുപ്പ് നടത്തിയ സ്കൂളുകളിലും, നാളിതു വരെയും തെരഞ്ഞെടുപ്പ് നടത്താത്ത സ്കൂളുകളിലും പരിപത്രത്തിലെയും സൂചനയിലെ ഉത്തരവുകളിലെയും പരിപത്രങ്ങളിലെയും നിർദ്ദേശങ്ങൾക്ക് വിധേയമായി പൊതുയോഗം കൂടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് അതാത് ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. പുതിയ കമ്മിറ്റികൾ സമയക്രമം പാലിച്ച്



Generated from eOffice by VEENA J V, H1 DGE, H1 DGE DGE on 20/09/2023 04:47 PM

രൂപീകരിക്കാത്ത സ്കൂൾ മേധാവികളിൽ നിന്നും വിശദീകരണം ആവശ്യപ്പെടേണ്ടതും ആയതിൽ ഇടപെട്ട് അദ്ധ്യാപക രക്ഷാകർത്തൃ സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കാനും വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. അത്തരത്തിൽ കമ്മിറ്റികൾ രൂപീകരിക്കാത്ത സ്കൂളുകളുടെ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

3. തുടർന്നുള്ള അദ്ധ്യയന വർഷങ്ങളിലും ഈ പരിപത്രത്തിലെയും സൂചനയിലെ ഉത്തരവുകളിലെയും പരിപത്രങ്ങളിലെയും വ്യവസ്ഥകളും പാലിച്ചുകൊണ്ട് അദ്ധ്യാപക രക്ഷാകർത്തൃ സമിതികളും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കേണ്ടതാണ്.

Signed by
Jeevan Babu.k I A S
Date: 15-09-2022 17:38:08

ജീവൻ ബാബു കെ ഐ എ എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്-</u>

1. എല്ലാ റീജിയണൽ ഉപ ഡയറക്ടർമാരും (ഹയർ സെക്കന്ററി)
2. എല്ലാ അഡീഷണൽ ഡയറക്ടർമാരും (വൊക്കേഷണൽ ഹയർ സെക്കന്ററി)
3. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
4. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
5. എല്ലാ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂൾ മേധാവികളും

<u>പകർപ്പ്-</u> എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)



Generated from eOffice by VEENA J V, H1 DGE, H1 DGE, DGE on 20-09-2022 04:47 PM